"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-വിശാലകൊച്ചി വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള അംബേദ്കർ സ്റ്റേഡിയത്തിലെ അഞ്ച് അലോട്ടികൾക്ക് വാടക ഇളവും പുനരധിവാസ ആനുകൂല്യവും അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐഎ) വകുപ്പ്

സ.ഉ.(സാധാ) നം.2114/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/10/2021

---

പരാമർശം:-
1. 10.02.2020-ലെ സ. ഉ (സാധാ)നം. 352/2020/തസ്വഭവ
2. 31.12.2020-ലെ സ. ഉ (സാധാ) നം. 2478/2020/തസ്വഭവ
3. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 26.08.2021 തീയതിയിലെ 3488/സി18/2011/ജിസിഡിഎ നമ്പർ കത്ത്.

<u>ഉത്തരവ്</u>

വിശാല കൊച്ചി വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള അംബേദ്കർ സ്റ്റേഡിയത്തിലെ 13 അലോട്ടികൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 18142/2019 നമ്പർ കേസിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേഡിയത്തിലെ 13 അലോട്ടികളുടെ വാടക കുടിശ്ശിക, കടമുറി തുറന്നു പ്രവർത്തിച്ച കാലയളവിലേത് മാത്രമായി ഇളവ് ചെയ്തുകൊണ്ട് അലോട്ടികളിൽ നിന്നും ഈടാക്കുന്നതിനും ഈ അലോട്ടികളെ പുനരധിവാസ കെട്ടിടത്തിലേക്ക് ചതുരശ്ര അടിക്ക് 15/- രൂപ നിരക്കിൽ വാടകയ്ക്ക് മുറി അനുവദിക്കുന്നതിനും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2)സമാന വിഷയത്തിൽ ശ്രീമതി സ്നേഹലതയും മറ്റ് 1 0 പേരും ചേർന്ന് ഫയൽ ചെയ്ത WP(C)17814/2019-ലെ വിധിന്യായം നടപ്പാക്കിക്കൊണ്ട് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം 2012 മുതൽ കടമുറികൾ പ്രവർത്തന രഹിതമായതിനാൽ പരാതിക്കാർ അടയ്ക്കാനുള്ളതായി കണക്കാക്കിയിട്ടുള്ള വാടകയും പലിശയും ചേർന്ന പത്രിക പരിശോധിച്ച് കടമുറികൾ തുറന്നു പ്രവർത്തിച്ച കാലം വരെയുള്ള വാടക മാത്രം കണക്കാക്കി അവരിൽ നിന്നും ഈടാക്കുന്നതിനും പലിശ ഇനത്തിലെ തുക ഒഴിവാക്കി നൽകുന്നതിനും തീരുമാനം കൈക്കൊണ്ടിരുന്നു.

3)മേൽ പറഞ്ഞ രണ്ടു കേസുകളിലും കക്ഷി ചേർന്നിട്ടില്ലാത്ത അംബേദ്കർ സ്റ്റേഡിയത്തിലെ അഞ്ച അലോട്ടികൾ 31.12.2020-ലെ സർക്കാർ ഉത്തരവിന്റെ ആനുകൂല്യങ്ങൾ തങ്ങൾക്കും വേണമെന്ന്

P.T.O

ആവശ്യപ്പെട്ട് വിശാല കൊച്ചി വികസന അതോറിറ്റിയിൽ അപേക്ഷ സമർപ്പിക്കുകയും 16.02.2021-ലെ വിശാല കൊച്ചി വികസന അതോറിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി ഈ വിഷയത്തിൽ സർക്കാർ അനുമതി തേടുന്നതിന് തീരുമാനമാകുകയും ചെയ്തിട്ടുള്ളതിനാൽ അംബേദ്കർ സ്റ്റേഡിയത്തിലെ മേൽ പറഞ്ഞിരിക്കുന്ന 5 അലോട്ടികൾ ക്കും പരാമർശം (2)-ലെ ഉത്തരവിന്റെ ആനുകൂല്യം നൽകുന്ന വിഷയത്തിൽ വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറി പരാമർശം (3)-ലെ കത്ത് പ്രകാരം സർക്കാർ അനുമതി തേടിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പറഞ്ഞ രണ്ടു കേസുകളിലും കക്ഷി ചേർന്നിട്ടില്ലാത്ത അംബേദ്കർ സ്റ്റേഡിയത്തിലെ അഞ്ച് അലോട്ടികളായ,

1) ശ്രീ. കെ. ആർ. ജയചന്ദ്രൻ (കടമുറി നം. 8)

2) ശ്രീമതി സൂസൻ ബിജു(കടമുറി നം. 17, 18)

3) ശ്രീ. ജീവൻ. കെ. പട്ടേരി ((കടമുറി നം. 21)

4) ശ്രീ. കെ. ബി. രാജേന്ദ്രൻ (കടമുറി നം. 38)

5) ശ്രീ. കെ. ജി. വിശ്വംഭരൻ(കടമുറി നം. 40)

എന്നിവർക്കു കൂടി പരാമർശം (2)-ലെ സർക്കാർ ഉത്തരവിന്റെ ആനുകൂല്യം നൽകുന്നതിന് വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
അണ്ടർ സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ. എസ്.എ) / (ജി & എസ്.എസ്. എ)കേരളം, തിരുവനന്തപുരം.
നഗര കാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. തസ്വഭവ-ഐഎ3/98/2021-തസ്വഭവ).

ഉത്തരവിൻ പ്രകാരം

Signed by Vijitha M B
Date: 30-10-2021 11:18:40
Reason: Approved
സെക്ഷൻ ഓഫീസർ